(സി) 24200 ആദിവാസി കുടുംബങ്ങൾക്ക് പന്ത്രണ്ട് ലക്ഷത്തി പതിനായിരം രൂപ നടപ്പുസാമ്പത്തിക വർഷം ഈ ആവശ്യത്തിന് വകയിരുത്തിയിട്ടുണ്ട്. ജനസംഖ്യാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് തുക വിതരണം ചെയ്യാൻ അനുവാദം നല്കിയിട്ടുണ്ട്.

ട്രൈബൽ മിഷന്റെ പ്രവർത്തനം

109 [1454] ശ്രീ. എം. വി. ജയരാജൻ:
,, രാജു എബ്രഹാം:
,, പിരപ്പൻകോട് മുരളി:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കവിഭാഗ സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പുനരധിവാസ പദ്ധതി പ്രകാരം കുടിയിരുത്തിയ ആദിവാസികളുടെ ജീവിതം ദുരിതപൂർണ്ണമായി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെ എന്ന് അന്വേഷിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ട്രഷറി നിയന്ത്രണംമൂലം ആദിവാസി ഊരുകളിലെ സൗജന്യ റേഷൻ വിതരണം നിലച്ചുപോയത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു പരിഹരിക്കുവാൻ സ്വീകരിച്ച നടപടി എന്തൊക്കെ എന്നു വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ആദിവാസികളുടെ പ്രശ്നം പരിഹരിക്കുവാനും ക്ഷേമത്തിനുമായി രൂപീകൃതമായ ട്രൈബൽ മിഷന്റെ പ്രവർത്തനം അവതാളത്തിലായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ മിഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പുനരധിവസിപ്പിക്കപ്പെട്ട ആദിവാസികൾക്ക് സൗജന്യ റേഷൻ, വീട്, കൃഷി ചെയ്യാനുള്ള സൗകര്യം, കുട്ടികൾക്ക് വിദ്യാഭ്യാസ പശ്ചാത്തലം എന്നിവ നൽകുമെന്ന സർക്കാർ വാഗ്ദാനം പൂർണ്ണമായി നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആദിവാസികളെ പുനരധിവസിപ്പിച്ച ചില പ്രദേശങ്ങളിൽ മരങ്ങൾ മുറിച്ച് മാറ്റാത്തതും കൃഷി ചെയ്യാൻ സാധിക്കാത്തതും, വന്യ മൃഗങ്ങളുടെ ശല്യവും ഉൾപ്പെടെയുള്ള ചില പ്രയാസങ്ങൾ നിലവിലുണ്ട്.

(ബി) സൗജന്യ റേഷൻ ഇപ്പോൾ അനുവദിച്ചു നൽകിയിട്ടില്ല. ഫുഡ് സപ്പോർട്ട് പ്രോഗ്രാമാണ് ഈ മേഖലയിൽ നടപ്പിലാക്കി വരുന്നത്. ട്രഷറി നിയന്ത്രണം ഇതിനെ ബാധിച്ചിട്ടില്ല.

(സി) ട്രൈബൽ മിഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമം ആക്കുന്നതിനുവേണ്ടി മിഷനിൽ ഒഴിവുണ്ടായിരുന്ന 'മെംബർ', 'എക്സ്പർട്ട്' എന്നീ തസ്തികകളിൽ നിയമനം നടത്തി മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ഡി) പുനരധിവാസ പദ്ധതി പ്രകാരം കുടിയിരുത്തിയ ആദിവാസി കുടുംബങ്ങൾക്ക് ആവശ്യമായ എല്ലാ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. മഴക്കാലത്ത് സൗജന്യ റേഷൻ അനുവദിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly